# KERALA STATE FINANCIAL ENTERPRISES STAFF ASSOCIATION

**Reg. No. 181/71, Kottappuram Road, Thrissur - 4**
**(Affiliated to C.I.T.U.R.No.K.1128)**
**E-mail : ksfesacitu@yahoo.co.in Web : www.ksfesa.com**

President
**A.K.Balan MLA**
Mob : 9846361111

General Secretary
**S.Muraleekrishnapillai**
Mob : 9446538432


**സർക്കുലർ : 09/2014**

സഖാക്കളെ സുഹൃത്തുക്കളെ,

നമ്മുടെ സംഘടനയുടെ സംസ്ഥാന കമ്മിറ്റിയോഗം 17-6-2014 തിങ്കൾ രാവിലെ 11.30നും ഭാരവാഹിയോഗം അന്നേദിവസം രാവിലെ 10നും സി.ഐ.ടി.യു സംസ്ഥാന കമ്മിറ്റി ഓഫീസിൽ വച്ച് ചേർന്നു. സ: എ.കെ.ബാലൻ MLA അദ്ധ്യക്ഷത വഹിച്ചു. KSFE ജീവനക്കാരായ സ: സരസമ്മ.ഇ.കെ (ചങ്ങനാശ്ശേരി), സ: ബിന്ദു.എം.പി (ലോൺ യൂണിറ്റ്, കോഴിക്കോട്), സ: പ്രമോദ്കുമാർ.എ (കടയ്ക്കൽ), സ: അശോക്കുമാർ.എം (കാട്ടാക്കട) എന്നിവരുടെ അകാല നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. KSFE ജീവനക്കാരുടെ മരണനിരക്ക് അപകടകരമായ രീതിയിൽ ഉയരുന്നതിൽ യോഗം ആശങ്ക രേഖപ്പെടുത്തി.

സി.പി.ഐ(എം) മുൻ പി.ബി അംഗവും സി.ഐ.ടി.യു അഖിലേന്ത്യാ വൈസ് പ്രസിഡന്റുമായിരുന്ന സ: ആർ.ഉമാനാഥ്, സി.ഐ.ടി.യു അഖിലേന്ത്യാ വൈസ് പ്രസിഡന്റ് സ: കെ.എൽ.ബജാജ്, വിഖ്യാത എഴുത്തുകാരൻ ഗബ്രിയേൽ മാർക്വിസ്, പ്രമുഖ ശില്പിയും എഴുത്തുകാരനുമായിരുന്ന എം.വി.ദേവൻ, പ്രമുഖ വ്യവസായി ക്യാപ്റ്റൻ കൃഷ്ണൻനായർ, ബസേലിയസ് മാർത്തോമാ ദിദിമോസ് പ്രഥമൻ കാത്തോലിക്ക ബാവ എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

സ്ഥാപനം സംരക്ഷിക്കുന്നതിനും ജീവനക്കാരുടെ അവകാശ ആനുകൂല്യ സംരക്ഷണത്തിനും കക്ഷി രാഷ്ട്രീയത്തിനതീതമായി ജീവനക്കാരുടെ വിപുലമായ ഐക്യവേദി ഉണ്ടാകണമെന്ന് സ: എ.കെ.ബാലൻ MLA തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ അഭിപ്രായപ്പെട്ടു. KSFEയ്ക്കെതിരായി ഒളിഞ്ഞും തെളിഞ്ഞും ആക്രമണം നടക്കുന്ന ഈ കാലഘട്ടത്തിൽ ആവശ്യമായ ജാഗ്രത പുലർത്തണം. തിരുത്തൽ നടപടികൾ സ്വീകരിച്ചുകൊണ്ട് ജനവിശ്വാസം ആർജ്ജിക്കുന്നതിനുള്ള പദ്ധതികളുമായി സ്ഥാപന മാനേജ്മെന്റ് മുന്നോട്ട് വരണമെന്നും സഖാവ് ചൂണ്ടിക്കാട്ടി. ജനറൽ സെക്രട്ടറി പ്രവർത്തന റിപ്പോർട്ടും ട്രഷറർ വരവ് ചെലവ് കണക്കും അവതരിപ്പിച്ചു.

**<u>തീരുമാനങ്ങൾ</u>**

**1. ആഭ്യന്തരമന്ത്രിയുടെ നിരുത്തരവാദിത്തപരമായ പ്രസ്താവനയിൽ പ്രതിഷേധം**

കേവലം 2 ലക്ഷം രൂപ മുതൽ മുടക്കി കേരളാ സർക്കാർ ആരംഭിച്ച KSFE ഇന്ന് കേരളാ സമ്പദ് വ്യവസ്ഥയിലെ ശക്തമായ ചാലകശക്തിയാണ്. സ്ഥിരം ജീവനക്കാർ, താത്കാലിക ജീവനക്കാർ, ഏജന്റുമാർ, അപ്രൈസർമാർ തുടങ്ങി 10,000 ഓളം പേരും അവരുടെ കുടുംബങ്ങളും ഈ സ്ഥാപനത്തെ ആശ്രയിച്ചു ജീവിക്കുന്നവരാണ്.

ചിട്ടി നിക്ഷേപത്തട്ടിപ്പുകാരിൽ നിന്നും കൊള്ളപ്പലിശക്കാരിൽ നിന്നും സാധാരണ ജനങ്ങൾക്ക് സംരക്ഷണകവചം ആയ KSFE യെ കൂടുതൽ ശക്തിപ്പെടുത്താനുള്ള ഉത്തരവാദിത്വം ഭരണാധികാരികളുടേതാണ്. പൊതുമേഖലാ സംരക്ഷണനയം രൂപീകരിച്ച് KSFE ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുപകരം KSFE യെ സമൂഹമധ്യത്തിൽ കരിതേച്ചവതരിപ്പിക്കാനാണ് ആഭ്യന്തരമന്ത്രി ശ്രീ.രമേശ്ചെന്നിത്തല ശ്രമിച്ചത്.

സർക്കാരിന്റെ നയം മൂലം പ്രതിസന്ധിയിലായ KSRTC യിൽ തൊഴിലാളികളെ കുറ്റപ്പെടുത്തി തടിതപ്പുന്ന ഭരണ നേതൃത്വത്തെ നാം കണ്ണുതുറന്നു കാണണം. KSFE യെ പ്രതിസന്ധിയിലേയ്ക്ക് തള്ളിവിടുന്ന നയത്തിൽ നിന്നും ശ്രീ.രമേശ്ചെന്നിത്തലയും ഭരണ നേതൃത്വവും പിന്മാറണമെന്ന് സംസ്ഥാന കമ്മിറ്റി ആവശ്യപ്പെടുന്നു.

സ്ഥാപനത്തെ സംരക്ഷിക്കാൻ സംഘടന മുന്നോട്ട് വച്ച നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് നടപ്പാക്കാൻ സർക്കാരും മാനേജ്മെന്റും തയ്യാറാകണമെന്നും സംസ്ഥാനകമ്മിറ്റി ആവശ്യപ്പെടുന്നു.

## 2. ജീവനക്കാരുടെ മേൽ ജോലിഭാരം, കടുത്ത മാനസിക സമ്മർദ്ദം; പരിഹരിക്കാൻ അടിയന്തിരമായ നടപടി ഉണ്ടാകണം

അമിതമായ ജോലിഭാരത്താൽ വീർപ്പുമുട്ടുകയാണ് ജീവനക്കാർ. പണസംബന്ധമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുമ്പോൾ, നോട്ടപിശക്മൂലം സംഭവിയ്ക്കുന്ന പിഴകൾക്ക് പോലും വലിയ വില നൽകേണ്ടി വരുമെന്നുള്ളത് ജീവനക്കാരിൽ കടുത്ത മാനസിക സംഘർഷം ഉണ്ടാക്കുകയാണ്. സമഗ്രമായ പരിശോധന കൂടാതെ ഫയലുകൾ തീർപ്പാക്കുന്നത് വലിയ അപകടങ്ങൾ ക്ഷണിച്ചു വരുത്തുന്നു. ഇടപാടുകാരുടെ സമ്മർദ്ദത്തിന് വഴങ്ങി (പലപ്പോഴും മാനേജർമാരുടെയും) യുള്ള നടപടികളിൽ നിന്നും പിന്മാറണമെന്ന് സംഘടന എല്ലാ അംഗങ്ങളോടും അഭ്യർത്ഥിക്കുന്നു.

അംഗീകൃത ചട്ടങ്ങളും മാനദണ്ഡങ്ങളും സർക്കുലറുകളും കൃത്യമായി പാലിക്കണം. അല്ലാതെയുള്ള ഇടപെടലുകളെ സംഘടനാപരമായി കൂട്ടായി ചെറുത്തു തോൽപ്പിക്കേണ്ടതാണ്.

## 3. KSFE ജീവനക്കാരുടെ രോഗങ്ങളും മരണനിരക്കും വർദ്ധിക്കുന്നു; അടിയന്തിരമായ തിരുത്തൽ നടപടികൾക്ക് മാനേജ്മെന്റ് സന്നദ്ധമാകണം

കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിന് അനുയോജ്യമല്ലാത്ത കസേരയും മേശയും, ശരിയായ വെളിച്ച വിതരണത്തിലെ അപാകത, ഫാനുകളുടെ ക്രമീകരണ വൈകല്യം, ജനറേറ്ററുകൾ പുറംന്തള്ളുന്ന മാരകമായ വിഷപുക, ജനാലകളുടെയും വെന്റിലേറ്ററുകളുടെയും അഭാവം മൂലം ശരിയായ വായു പ്രവാഹമില്ലായ്മ, കമ്പ്യൂട്ടർ ജോലിയ്ക്കൊപ്പം മാന്വൽ ജോലികളും ചെയ്യേണ്ട സ്ഥിതി, കെട്ടിട ഉടമകളുമായി സമയബന്ധിതമായി ഇടപെട്ട് ഓഫീസിനുള്ളിൽ വൃത്തിയും വെടിപ്പുമുള്ള അന്തരീക്ഷം ഉറപ്പാക്കുന്നതിൽ വരുന്നവീഴ്ച, ഇതോടൊപ്പം ജോലി സമ്മർദ്ദവും; KSFE ജീവനക്കാർ മാരക രോഗങ്ങൾക്കടിമപ്പെടുകയാണ്. കാറ്റും പൊടിയും മഞ്ഞും മഴയും വകവയ്ക്കാതെയുള്ള ചിട്ടി കാൻവാസിംഗ് കൂടിയാകുമ്പോൾ ജീവനക്കാർ തളരുകയാണ്. സ്ട്രോക്ക്, ഹൃദയസ്തംഭനം, കരൾ, കിഡ്നി, കാൻസർ രോഗങ്ങൾ മാത്രമല്ല; കമ്പ്യൂട്ടർജന്യ രോഗങ്ങളായ Carpal Tunnel Syndrome (CTS), Musculo Skeltel Disorder, Computer vision Syndrome, Karato Conjunctivitis Sicca എന്നിവയും വ്യാപകമായി ജീവനക്കാർക്ക് ബാധിച്ചു തുടങ്ങിയിരിക്കുന്നു. തൊഴിലാളികളുടെ മാനവവിഭവശേഷി പരമാവധി ഉപയോഗപ്പെടുത്തുന്നതിൽ മിടുക്കു കാട്ടുന്ന മാനേജ്മെന്റ് ജീവനക്കാരുടെ ആരോഗ്യ സംരക്ഷണത്തിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെടാൻ തീരുമാനിച്ചു.

## 4. സംസ്ഥാന കമ്മിറ്റിയംഗങ്ങളുടെ ഒഴിവുകൾ

സഖാക്കൾ വേണുഗോപാലൻ.ആർ (കണ്ണൂർ), സി.കേശവ് കുമാർ (തൃശൂർ), സോണി തോമസ് (കോട്ടയം), എന്നിവ അസി.മാനേജർമാരായി പ്രമോഷൻ നേടിയതിനെ തുടന്നും സ: കെ.വി.ആൻസ്ലി (എറണാകുളം) റിട്ടയർ ചെയ്തതിനെ തുടർന്നും സംസ്ഥാന കമ്മിറ്റിയിൽ ഉണ്ടായ 4 ഒഴിവുകൾ നികത്താൻ തീരുമാനിച്ചു. സ: മനോജ്.ഇ.വി. (ആലക്കോട്, കണ്ണൂർ), സ: വിജയകുമാർ.ബി.എസ് (മാള, തൃശൂർ), സ: നജീബ്.എം.പി (റീജയണൽ ഓഫീസ്, കോട്ടയം), സ: ബൈജു.എം (എറണാകുളം മെയിൻ) എന്നിവരെ പുതിയതായി സംസ്ഥാന കമ്മിറ്റിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു. സ: എ.മുഹമ്മദ് ഇക്ബാൽ (ആലപ്പുഴ) നെ സംസ്ഥാന വൈസ് പ്രസിഡന്റായും തെരഞ്ഞെടുത്തു.

## 5. സംഘവേദി

സംഘവേദിയുടെ അടുത്ത ലക്കം ആഗസ്റ്റ് മാസത്തിൽ പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു.

## 6. ശമ്പള പരിഷ്കരണം

18-6-2014 ന് നടക്കുന്ന ശമ്പള പരിഷ്കരണ ചർച്ചയിൽ എടുക്കേണ്ട നിലപാടുകൾ സംബന്ധിച്ച് യോഗം ചർച്ചചെയ്തു. ശമ്പള പരിഷ്കരണ നിർദ്ദേശങ്ങൾ സമയബന്ധിതമായി സംസ്ഥാന കമ്മിറ്റിക്ക് നൽകുന്നതിന് രൂപീകരിച്ച ജില്ലാ സബ് കമ്മിറ്റികൾ യോഗം ചേർന്ന് നിർദ്ദേശങ്ങൾ ജില്ലാ കമ്മിറ്റിയുടെ അംഗീകാരത്തോടെ സംസ്ഥാന കമ്മിറ്റിക്ക് നൽകേണ്ടതാണ്.

## 7. ഓഫീസ് അറ്റൻഡന്റ് ജീവനക്കാരുടെ പ്രമോഷൻ

അസിസ്റ്റന്റ് തസ്തികയിലേക്കുള്ള പ്രമോഷൻ ലിസ്റ്റിൽ ഇനിയും 10 പേർ അവശേഷിക്കുകയാണ്. 1000-ലധികം പേർ സ്ഥാപനത്തിലേയ്ക്ക് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് പുതുതായി നിയമിക്കപ്പെടുകയാണ്.

ഇവരുടെ നിയമനത്തിന് മുൻപ് 10 പേർക്കും പ്രമോഷൻ നൽകുന്നതിന് പി.എസ്.സിയിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യണമെന്ന് മാനേജ്മെന്റിനോടാവശ്യപ്പെടാൻ തീരുമാനിച്ചു. കഴിഞ്ഞ 8 വർഷമായി സ്ഥാപനത്തിൽ പണിയെടുക്കുന്ന ജീവനക്കാർ, ആയിരത്തിൽ അധികം വരുന്ന പുതിയ ജീവനക്കാരുടെ പിന്നിലാകുന്ന ദുഃഖകരമായ സാഹചര്യം ഒഴിവാക്കണമെന്ന് മാനേജ്മെന്റിനോട് സംസ്ഥാനകമ്മിറ്റി അഭ്യർത്ഥിക്കുന്നു.

**18-6-2014 ന് H.O യിൽ നടന്ന ചർച്ച**

ശമ്പളപരിഷ്കരണം എന്ന അജണ്ടയിലാണ് ചർച്ച വിളിച്ചതെങ്കിലും സ്ഥാപനവുമായ ബന്ധപ്പെട്ട പ്രശ്നങ്ങളിലാണ് കൂടുതലും ചർച്ച കേന്ദ്രീകരിക്കപ്പെട്ടത്. സ്ഥാപനത്തിന്റെ വളർച്ചയിൽ അസൂയാലുക്കളായവരുടെ പ്രവർത്തനങ്ങളുടെ ഫലമായാണ് മാധ്യമങ്ങളിൽ സ്ഥാപനത്തിനെതിരായി നിരന്തരം വാർത്തകൾ പ്രചരിപ്പിക്കപ്പെടുന്നതെന്ന് ചെയർമാൻ സൂചിപ്പിച്ചു. സ്ഥാപനത്തിന്റെ ബിസിനസ്, വളർച്ച, ലാഭം എന്നീ പ്രശ്നങ്ങളിൽ സംസ്ഥാനകമ്മിറ്റി ചർച്ചചെയ്ത പ്രശ്നങ്ങൾ നാം അവതരിപ്പിച്ചു. ട്രേഡ് യൂണിയൻ നേതാക്കളെ ഉൾപ്പെടുത്തി ബിസിനസ് സബ് കമ്മിറ്റി പുനഃസംഘടിപ്പിക്കണമെന്നും സ്ഥാപനത്തിന്റെ പൊതു പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിന് പ്രത്യേക യോഗം വിളിക്കണമെന്നും നാം ആവശ്യപ്പെട്ടു.

**തീരുമാനങ്ങൾ**

1. ജീവനക്കാരുടെ സ്പെക്ടക്കിൾ അലവൻസ് 2500/- രൂപയായി ഉയർത്താൻ തീരുമാനിച്ചു. ജീവനക്കാർക്ക് നാലുവർഷത്തിലൊരിക്കൽ സർവ്വീസിൽ പരമാവധി 4 തവണ ഈ ആനുകൂല്യം ലഭിക്കും. (നിലവിൽ ഇത് 1000/1200 രൂപ, 5 വർഷത്തിലൊരിക്കൽ, പരമാവധി 3 തവണ)
2. ബിസിനസ് സബ് കമ്മിറ്റി പുനഃസംഘടിപ്പിക്കാൻ തീരുമാനിച്ചു.
3. പൊതു വിഷയങ്ങൾ ചർച്ച ചെയ്യാൻ ജൂലൈക്ക് ശേഷം ചർച്ച വിളിച്ചുചേർക്കും.
4. ജീവനക്കാരുടെ റിട്ടയർമെന്റ് പ്രായം ഉയർത്തുന്നതിനുള്ള നിർദ്ദേശം ബോർഡിന്റെ പരിഗണനയ്ക്ക് വയ്ക്കും.
5. EPF പെൻഷൻ കണക്കാക്കുന്നതിനുള്ള ശമ്പള പരിധി എടുത്തുകളയണമെന്നാവശ്യപ്പെട്ടുകൊണ്ട് സംഘടനകൾ കൂട്ടായി സുപ്രീം കോടതിയിൽ നൽകിയിട്ടുള്ള കേസിൽ ജീവനക്കാർക്കനുകൂലമായി കക്ഷി ചേരണമെന്നുള്ള ആവശ്യം മാനേജ്മെന്റ് അംഗീകരിച്ചു.
6. ജീവനക്കാരുടെ മെഡിക്കൽ റീ.എംമ്പേഴ്സ്മെന്റ് വ്യവസ്ഥകളിൽ കാതലായ മാറ്റം വരുത്താൻ ഉദ്ദേശിച്ചുകൊണ്ട് തയ്യാറാക്കിയ മാനേജ്മെന്റ് നിർദ്ദേശം ചർച്ചയ്ക്ക് വച്ചു. രണ്ട് നിർദ്ദേശങ്ങളാണ് മാനേജ്മെന്റ് മുന്നോട്ട് വച്ചത്. 1. നിലവിലുള്ള മെഡിക്കൽ റീം എംമ്പേഴ്സ്മെന്റ് വ്യവസ്ഥകൾക്ക് പകരമായി ഇൻഷ്വറൻസ് സ്കീം. 2. നിലവിലുള്ള മെഡിക്കൽ റീ-എംമ്പേഴ്സ്മെന്റ് സ്കീമിലെ ഭേദഗതികൾ. ഇതുകൂടാതെ റിട്ടയർചെയ്ത ജീവനക്കാരുടെ ചികിത്സ സഹായത്തിനായുള്ള ഇൻഷ്വറൻസ് സ്കീമും മാനേജ്മെന്റ് മുന്നോട്ടു വച്ചു. നിലവിലുള്ള ചികിത്സാ സഹായത്തിനുപകരമായി ഇൻഷ്വറൻസ് പദ്ധതി കൊണ്ടു വരുന്നതിനെ സംഘടനകൾ കൂട്ടായി എതിർത്തു. മാനേജ്മെന്റിന് ഇക്കാര്യത്തിൽ പിടിവാശിയില്ലെന്നും റിപ്പോർട്ട് പഠിച്ചതിന് ശേഷം സംഘടനകൾ നിർദ്ദേശം നൽകണമെന്നും ചെയർമാൻ അറിയിച്ചു. *(മാനേജ്മെന്റ് നിർദ്ദേശത്തിന്റെ പകർപ്പ് സംഘടനയുടെ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്തിട്ടുണ്ട്. റിപ്പോർട്ട് വിശദമായി പരിശോധിച്ച് ജില്ലാ കമ്മിറ്റികൾ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സംസ്ഥാന കമ്മിറ്റിയെ സമയബന്ധിതമായി അറിയിക്കേണ്ടതാണ്)*

ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിലവിലുള്ള റാങ്ക് ലിസ്റ്റിലെ ജീവനക്കാർക്കുള്ള പ്രമോഷൻ, സ്പെഷ്യൽ റൂൾ ഭേദഗതി നിർദ്ദേശം ഒഴിവാക്കികൊണ്ട്, 10% ആയി ഉയർത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് നമ്മുടെ സംഘടന ബഹു. നികുതിവകുപ്പ് സെക്രട്ടറിക്ക് നൽകിയ നിവേദനത്തിനുമേൽ സർക്കാർ അനുകൂലമായ തീരുമാനം എടുക്കുകയും പി.എസ്.സിയുടെ പരിഗണയ്ക്കായി അയച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

അസിസ്റ്റന്റ് (പൊതുവിഭാഗം) നിയമനത്തിന് PGDCA യും By Transfer നിയമനത്തിന് DCA യും നിർബന്ധമാക്കികൊണ്ടുള്ള KSFE ഡയറക്ടർ ബോർഡിന്റെ മുൻകാല തീരുമാനം റദ്ദ് ചെയ്ത് സർക്കാരിനെയും പി.എസ്.സിയെയും അറിയിക്കണമെന്ന് നമ്മുടെ സംഘടന നൽകിയ കത്ത് KSFE ഡയറക്ടർബോർഡ് യോഗം പരിശോധിക്കുകയും അനുകൂലമായ തീരുമാനം എടുക്കുകയും ചെയ്തിട്ടുണ്ട്. അടിസ്ഥാനവിഭാഗം തൊഴിലാളികളുടെ താത്പര്യം മുൻനിർത്തി നിലപാട് സ്വീകരിച്ച ഡയറക്ടർ ബോർഡ് തീരുമാനത്തെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു.

നിലവിലുള്ള 10% സംവരണത്തിന് പുറമേ സീനിയോറിട്ടിയുടെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ 10% ഒഴിവുകൾ കൂടി ഓഫീസ് അസിസ്റ്റന്റ് വിഭാഗത്തിന് സംവരണം ചെയ്തുകൊണ്ടുള്ള സർക്കാർ ഉത്തരവ് KSFE യിലും നടപ്പാക്കണമെന്ന നമ്മുടെ ആവശ്യം കഴിഞ്ഞ ഡയറക്ടർ ബോർഡ് യോഗം ചർച്ച ചെയ്തതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. അടുത്ത ബോർഡ് യോഗത്തിൽ അനുകൂല തീരുമാനം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

ജീവനക്കാരുടെ റിട്ടയർമെന്റ് പ്രായം 58 ൽ നിന്നും 60 ആയി ഉയർത്തണമെന്ന നിർദ്ദേശവും ബോർഡ് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ PTS ജീവനക്കാരുടെ റിട്ടയർമെന്റ് പ്രായം ഉയർത്തിയിട്ടില്ല. PTS റിട്ടയർമെന്റ് പ്രായം 70 ആയി ഉയർത്തണമെന്ന ആവശ്യം നാം ഉന്നയിച്ചിട്ടുണ്ട്. അനുകൂല തീരുമാനം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

സഖാക്കളെ സുഹൃത്തുക്കളെ,

ജാതിമതശക്തികളുടെ വിഹാരരംഗമായി കേരളത്തെ മാറ്റുന്നതിനുള്ള ആസൂത്രിതമായ നീക്കങ്ങൾ നടക്കുകയാണ്. അധികാരം നിലനിർത്തുന്നതിനുവേണ്ടി ജാതിമത ശക്തികളുടെ തീട്ടൂരങ്ങൾ ശിരസ്സാവഹിക്കുകയാണ് കേരളത്തിലെ യു.ഡി.എഫ് സർക്കാർ. ജനങ്ങളിൽ വർഗ്ഗീയ ചേരിതിരിവ് ഉണ്ടാക്കുന്നതിന് മാധ്യമങ്ങളും വലിയ പങ്ക് വഹിക്കുന്നു. തൊഴിലാളികളെ ഭിന്നിപ്പിക്കുന്നതിനുള്ള ഇത്തരം ശ്രമങ്ങൾക്കെതിരെ നാം ജാഗ്രത പാലിക്കണം.

നിയമസഭ സമ്മേളിക്കുന്ന സമയത്ത് എം.എൽ.എമാർ പൊതു ചടങ്ങുകളിൽ പങ്കെടുക്കരുതെന്നാണ് സ്പീക്കറുടെ റൂളിംഗ്. അദ്ധ്യയനം തടസ്സപ്പെടുത്തുന്ന രീതിയിൽ സ്കൂളുകളിൽ പൊതുചടങ്ങുകൾ സംഘടിപ്പിക്കുന്നതിനെതിരെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവും നിലനിൽക്കുന്നു. ഇത് ലംഘിച്ച വിദ്യാഭ്യാസ മന്ത്രിയുടെ നടപടി ന്യായീകരിക്കപ്പെടുകയും കൗമാരപ്രായക്കാരായ വിദ്യാർത്ഥിനികളുടെ സുരക്ഷിതത്വവും അവരുടെ അദ്ധ്യയനവും സംരക്ഷിക്കുന്നതിന് വേണ്ടി നിലപാടെടുത്ത പ്രധാനാദ്ധ്യാപിക പീഢിപ്പിക്കപ്പെടുകയും ചെയ്യുന്ന ഭ്രാന്തൻ നയങ്ങൾക്കെതിരായി പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കുന്നവരുടെ വിപുലമായ കൂട്ടായ്മ ഉയർന്നു വരേണ്ടിയിരിക്കുന്നു.

മോഡിയുടെ 'നല്ലദിനങ്ങൾ' ആരംഭിച്ചുകഴിഞ്ഞു. അസാദ്ധ്യമായ വിലക്കയറ്റം മൂലം ജീവിത പ്രതിസന്ധി നേരിട്ട ജനവിഭാഗം കോൺഗ്രസിനെതിരായി തിരിഞ്ഞതുമൂലമുള്ള രാഷ്ട്രീയ പ്രയോജനമാണ് ബി.ജെ.പിയ്ക്ക് ലഭിച്ചത്. എന്നാൽ വിലക്കയറ്റം കൂടുതൽ രൂക്ഷമാക്കുന്ന നടപടികളാണ് ഭരണ നേതൃത്വത്തിൽ നിന്നുയരുന്നത്. ചരിത്രത്തിലെ ഏറ്റവും ഉയർന്ന റയിൽവേ ചാർജ്ജ് വർധനയാണുണ്ടായത്. പെട്രോൾ, ഡീസൽ, മണ്ണെണ്ണ, പാചകവാതകം ഇവയുടെ വിലയും കുത്തനെ ഉയർത്തുകയാണ്.

തൊഴിൽ നയങ്ങൾ തൊഴിലുടമകൾക്കനുകൂലമായി തിരുത്തിയെഴുതാനുള്ള രാജസ്ഥാൻ സർക്കാരിന്റെ നീക്കം ലഘൂകരിച്ച് കാണാനാവില്ല. ഇ.പി.എഫ് പ്രതിമാസ പെൻഷൻ 1000 രൂപയായും പെൻഷൻ കണക്കാക്കുന്നതിനുള്ള ശമ്പളം 15,000 രൂപയായും ഉയർത്തികൊണ്ടുള്ള തീരുമാനം നടപ്പാക്കാനുള്ള ആർജ്ജവം രണ്ടാം യു.പി.എ സർക്കാർ കാണിച്ചില്ല. തെരഞ്ഞെടുപ്പ് സാഹചര്യത്തിൽപോലും മുതലാളിമാരുടെ താത്പര്യത്തിന് വഴങ്ങുകയാണ് യു.പി.എ സർക്കാർ ചെയ്തത്. അതുകൊണ്ടു തന്നെ കടുത്ത തൊഴിലാളി രോക്ഷത്താൽ ആ സർക്കാർ നിലംപതിച്ചതിൽ ഒട്ടും തന്നെ അതിശയിക്കാനില്ല. എന്നാൽ എരിതീയിൽ നിന്നും വറചട്ടിയിലേക്ക് വീണ അവസ്ഥയിലാണ് ജനങ്ങൾ. അധാനി-അംബാനിമാർക്ക് പാൽപ്പായസവും പാവം ജനങ്ങൾക്ക് കഷായത്തിന്റെ കയ്പ് നീരും നൽകുന്ന തീവ്ര ഉദാരവത്കരണ പാതയിലാണ് മോഡി സർക്കാർ. ഈ കൈകളിൽ ഭാരതീയർ സുരക്ഷിതരാണെന്ന ബോർഡ് വച്ചവർക്ക് തിരുത്തിയെഴുതേണ്ടിവരും. കാരണം ഈ കൈകളിൽ ഭാരതീയർ ഞെരിഞ്ഞമരാനാണ് സാധ്യത.

പൊതുമേഖലകളെ സ്വകാര്യവത്കരിക്കുന്ന, തൊഴിൽ നിയമങ്ങൾ തൊഴിലാളികൾക്കെതിരെ തിരുത്തിയെഴുതാൻ ശ്രമിക്കുന്ന ഭരണവർഗ്ഗ നയത്തിനെതിരായി ഒരുമിച്ച് അണിനിരന്നുകൊണ്ട് എതിർത്ത് പരാജയപ്പെടുത്തേണ്ട ഉത്തരവാദിത്തമാണ് രാജ്യത്തെ തൊഴിലാളി വിഭാഗത്തിനുള്ളത്. ആ സമര മുന്നണിയിൽ നമുക്കൊരുമിച്ച് അണി നിരക്കാം.

*അഭിവാദനങ്ങളോടെ,*

**എസ്.മുരളികൃഷ്ണപിള്ള**
ജനറൽ സെക്രട്ടറി
KSFE സ്റ്റാഫ് അസ്സോസിയേഷൻ (CITU)

തിരുവനന്തപുരം,
30-06-2014.